# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 204

10.06.2013 - ൽ
മറുപടിയ്ക്ക്

### രാത്രി കാലങ്ങളിൽ ട്രെയിൻ യാത്ര ചെയ്യുന്ന വനിതാ യാത്രക്കാരുടെ സുരക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എം. ഉമ്മർ** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| (എ) രാത്രികാലങ്ങളിൽ ട്രെയിനിൽ യാത്ര ചെയ്യുന്ന വനിതാ യാത്രക്കാരുടെ സുരക്ഷക്കായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; | (എ) | രാത്രികാലങ്ങളിൽ ട്രെയിനിൽ യാത്ര ചെയ്യുന്ന വനിതാ യാത്രക്കാരുടെ സുരക്ഷക്കായി ട്രെയിനുകളിൽ വനിതാ പോലീസ് ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ച് ബീറ്റ് ഡ്യൂട്ടി കാര്യക്ഷമമായി നടത്തി വരുന്നു |
| (ബി) രാത്രികാലങ്ങളിൽ വനിതാ കമ്പാർട്ട്മെന്റിൽ ആയുധമേന്തിയ വനിതാ പോലീസിന്റെ സേവനം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ ഉറപ്പു വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | രാത്രികാലങ്ങളിൽ വനിതാ കമ്പാർട്ട്മെന്റിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന വനിതാ പോലീസ് ഉദ്യോഗസ്ഥർ നിർബന്ധമായും ലാത്തി കൈവശം വച്ച് ഡ്യൂട്ടി ചെയ്യേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ പരിസരങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ എന്നീ സ്ഥലങ്ങളിൽ രാത്രികാലങ്ങളിൽ ശക്തമായ പട്രോളിംഗ് നടത്തി വരുന്നുണ്ട്. ബസ് സ്റ്റേഷനുകളിലും റെയിൽവേ സ്റ്റേഷനുകളിലും ഡ്യൂട്ടിക്കായി പോലീസുകാരെയും നിയോഗിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി യുടെ എല്ലാ ബസ് സ്റ്റേഷനുകളിലും 24 മണിക്കൂറും സെക്യൂരിറ്റി വിഭാഗം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. കോർപ്പറേഷൻ വക സാധന-സാമഗ്രികൾ സൂക്ഷിക്കുന്നതിനോടൊപ്പം ബസ് സ്റ്റേഷനിൽ എത്തുന്ന എല്ലാ യാത്രക്കാരുടെയും സുരക്ഷ ഈ വിഭാഗത്തിൽ നിയുക്തമാണ്. ഇതുകൂടാതെ, പ്രധാനപ്പെട്ട എല്ലാ ബസ് സ്റ്റേഷനുകളിലും പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുകയും പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ എല്ലാ ബസ് സ്റ്റേഷനുകളിലും സർവ്വീസ് നടത്തിപ്പിനായി ഉദ്യോഗസ്ഥരെ 24 മണിക്കൂറും നിയോഗിച്ചിട്ടുള്ളതിനാൽ അടിയന്തിര ഘട്ടങ്ങളിൽ വനിതാ യാത്രക്കാർ ഉൾപ്പെടെ എല്ലാ യാത്രക്കാർക്കും മേൽപറഞ്ഞ ഉദ്യോഗസ്ഥന്റെ സഹായവും തേടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ